# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/224/2018 2018 ഒക്ടോബർ 22

## എം.ജി. വാർത്താക്കുറിപ്പ്

---

**പുതുക്കിയ പരീക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2017 അഡ്മിഷൻ - റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 13 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**പ്രാക്ടിക്കൽ**

രണ്ടാം സെമസ്റ്റർ ബി.എസ്‌സി. - മാത്തമാറ്റിക്സ് മോഡൽ I, സ്റ്റാറ്റിസ്റ്റിക്സ്, ഇൻഡസ്ട്രിയൽ മൈക്രോബയോളജി ആന്റ് സുവോളജി, പെട്രോകെമിക്കൽസ് (സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ/സി.ബി.സി.എസ്.എസ്. - 2013 - 2016 അഡ്മിഷൻ റീ അപ്പിയറൻസ്) ജൂൺ/ജൂലൈ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 24, 25, 26 തീയതികളിൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**പിഎച്ച്.ഡി. നൽകി**

കൊമേഴ്സിൽ റ്റി.എസ്. ദീപയ്ക്കും ഇക്കണോമിക്സിൽ എം.ജെ. സുനിൽകുമാറിനും പിഎച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

**പരീക്ഷാഫലം**

2018 മാർച്ചിൽ എറണാകുളം ഗവ. ലോ കോളേജ്, തൊടുപുഴ അൽ-അസ്ഹർ കോളേജ്, കാണക്കാരി സി.എസ്.ഐ. കോളേജ് ഫോർ ലീഗൽ സ്റ്റഡീസ് എന്നിവിടങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചു വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ ഒന്നാം വർഷ എം.ഫാം സപ്ലിമെന്ററി (2016 അഡ്മിഷൻ/2016ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

**ഗാന്ധിസ്മൃതി പ്രഭാഷണ പരമ്പര:**

## വലറൈൻ റോഡ്രിഗസിന്റെ പ്രഭാഷണം നാളെ

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷങ്ങളോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും പാലാ അൽഫോൺസ കോളേജ് ഗാന്ധിയൻ പഠനകേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന ഗാന്ധി സ്മൃതി പ്രഭാഷണം നാളെ (ഒക്ടോബർ 24) നടക്കും.

രാവിലെ 11ന് അൽഫോൺസ കോളേജിലെ സെമിനാർ ഹാളിൽ 'ഗാന്ധിജിയും അംബേദ്കറും' എന്ന വിഷയത്തിൽ ഡൽഹി അംബേദ്കർ സർവകലാശാലയിലെ പ്രൊഫ. വലറൈൻ റോഡ്രിഗസ് പ്രഭാഷണം നടത്തും. സർവകലാശാല നടത്തുന്ന ഗാന്ധി സ്മൃതി പ്രഭാഷണ പരമ്പരയുടെ ഭാഗമായാണ് പ്രഭാഷണം നടക്കുന്നത്.

**ബാങ്ക് ടെസ്റ്റ് പരിശീലനം**

വിവിധ ബാങ്കുകളിലേക്ക് നിയമനത്തിനായി നടത്തുന്ന മത്സര പരീക്ഷകൾക്കുള്ള പരിശീലനം മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ